File No.GEDN-D1/94/2020-G.EDN

8861
11/9/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് -സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾ -കോവിഡ് കാല ധനസഹായം -അനുവദിച്ച് ഉത്തരവാകുന്നു

പൊതുവിദ്യാഭ്യാസ (ഡി ) വകുപ്പ്

G.O.(Ms) No.147/2020/GEDN

തീയതി,തിരുവനന്തപുരം, 27/08/2020

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.06.2020 ലെ എൻ.എം.എ3/11792/2020/ ഡി ജി ഇ നമ്പർ കത്ത്

ഉത്തരവ്

കോവിഡ് വ്യാപനത്തെ തുടർന്ന് സ്കൂളുകൾ തുറക്കുവാനും ഉച്ച ഭക്ഷണ പദ്ധതി ആരംഭിക്കുവാനും കഴിയാത്ത സാഹചര്യത്തിൽ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം സമർപ്പിച്ചിരുന്നു.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോവിഡ് കാല ധനസഹായമായി സ്കൂൾ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് 1000/-രൂപ (ആയിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം.
റവന്യൂ വകുപ്പ്
ധനകാര്യ വകുപ്പ് (ഫയൽ നമ്പർ A2/74/2018-Fin പ്രകാരം )
പൊതുഭരണ (എസ് .സി) വകുപ്പ് ( മന്ത്രിസഭാ യോഗ തീരുമാനം ഇനം 4181 അനുസരിച്ച് )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ ) കേരള,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-08-2020

ഫയൽ നം. പൊ.വി.വ.-ഡി1/94/2020-പൊ.വി.വ. ഇനം നം: 4181

വിഷയം : പൊതു വിദ്യാഭ്യാസ വകുപ്പ് - സ്കൂൾ പാചക തൊഴിലാളികൾക്ക് കോവിഡ് കാല ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. കോവിഡ് കാല ധനസഹായമായി സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് ആയിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : പൊ.വി.വ-ഡി1 /94/ 2020 -പൊ.വി.വ |
| 2. | വകുപ്പ് | : പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ് |
| 3. | വിഷയം | : സ്കൂൾ പാചക തൊഴിലാളികൾക്ക് കോവിഡ് കാല ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 09/08/2020 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; | : ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് അംഗീകരിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ലോല.പി |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : എ ഷാജഹാൻ ഐ. എ. എസ് |
| 9. | മന്ത്രിസഭക്കുള്ള കരട്കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : 24.08.2020 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. വിശ്വാസ് മേത്ത ഐ .എ .എസ് |
| 11. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 25.8.2020 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : പ്രൊഫ . സി രവീന്ദ്രനാഥ് |
| 13. | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 25.8.2020 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 25.8.2020 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : |

<u>മന്ത്രിസഭാ യോഗത്തിലേക്കുള്ള കുറിപ്പ്</u>

സ്കൂൾ പാചക തൊഴിലാളികൾക്ക് കോവിഡ് കാല ധനസഹായം നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ് .

2.കോവിഡ് വ്യാപനം മൂലം സ്കൂൾ അദ്ധ്യയന വർഷം ജൂൺ മാസത്തിൽ ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഉച്ചഭക്ഷണ പദ്ധതിയും ഇതുവരെ ആരംഭിച്ചിട്ടില്ല. 2016 -17 അദ്ധ്യയന വർഷം മുതൽ എല്ലാ വർഷവും വേനലവധിക്കാലമായ ഏപ്രിൽ, മെയ് മാസങ്ങളിൽ സമാശ്വാസമായി 2000 രൂപ വീതം പാചക തൊഴിലാളികൾക്ക് അനുവദിച്ച് നൽകി വരുന്നു . ഈ വർഷവും അപ്രകാരം ഏപ്രിൽ / മെയ് മാസങ്ങളിൽ സമാശ്വാസമായി 2000 രൂപ വീതം തുക അനുവദിച്ച് നല്കിയിട്ടുള്ളതാണ്. സ്കൂൾ പാചക തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതിരുന്ന ജൂൺ/ജൂലൈ മാസങ്ങളിൽ ഹോണറേറിയം/സമാശ്വാസം നല്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു.

3. 13,760 തൊഴിലാളികൾക്ക് ജൂൺ/ ജൂലൈ മാസങ്ങളിൽ സമാശ്വാസമായി 2000 /- രൂപ വീതം അനുവദിക്കുകയാണെങ്കിൽ ആകെ 550.4 ലക്ഷം രൂപയും (അഞ്ചുകോടി അൻപതുലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ജോലിയായി പരിഗണിച്ച് ഹോണറേറിയം നല്കുകയാണെങ്കിൽ ഏകദേശം 3479.07 ലക്ഷം രൂപയും (മുപ്പത്തിനാലുകോടി എഴുപത്തിയൊൻപതു ലക്ഷത്തി ഏഴായിരം രൂപ മാത്രം) വേണ്ടിവരും എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4.ഈ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയക്കുകയുണ്ടായി. ധന വകുപ്പ് ചുവടെ പറയുന്ന അഭിപ്രായത്തോടുകൂടി ഫയൽ മടക്കി നൽകി.

*"കോവിഡ് കാല ധനസഹായമായി, സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക്, ഒരു മാസത്തേക്ക് ആയിരം രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (സർക്കാർ ജീവനക്കാരുടെ മാറ്റിവെയ്ക്കപ്പെട്ട വേതനത്തിൽ നിന്നുള്ള വിനിയോഗം), മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി നൽകാൻ, ധനവകുപ്പ് സമ്മതിക്കുന്നു. ഇതിന് ബഹു.ധനം-കയർ വകുപ്പ് മന്ത്രിയുടെയും ബഹു. മുഖ്യമന്ത്രിയുടെയും അംഗീകാരമുണ്ട്".*

5. ഇത് സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ ഫയലിൽ ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 9.8.2020 ൽ ഉത്തരവായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

കോവിഡ് കാല ധനസഹായമായി,സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക്, ഒരു മാസത്തേക്ക് ആയിരം രൂപ വീതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (സർക്കാർ ജീവനക്കാരുടെ മാറ്റിവെയ്ക്കപ്പെട്ട വേതനത്തിൽ നിന്നുള്ള വിനിയോഗം), അനുവദിക്കുന്നതിന് അനുമതി നൽകാമോ ?.